പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IX

## (SUBJECT COMMITTEE IX)

(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

നാലാമത് റിപ്പോർട്ട്

**(2014-15)**

**FOURTH REPORT**

**ON**

**THE SCRUTINY OF DEMANDS FOR GRANTS**

**(2014-15)**

2014................................-ാം തീയതി സമർപ്പിച്ചത്

(Presented on ..........................2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**വിഷയനിർണ്ണയ സമിതി IX**

**(SUBJECT COMMITTEE IX)**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

നാലാമത് റിപ്പോർട്ട്

(2014-15)

FOURTH REPORT

ON

THE SCRUTINY OF DEMANDS FOR GRANTS

(2014-15)

477/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ, എം.എൽ.എ.

ശ്രീ. സി. മമ്മൂട്ടി, ,,

ശ്രീ. പി. റ്റി. എ. റഹീം, ,,

ശ്രീ. വി. ശിവൻകുട്ടി, ,,

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ,,

ശ്രീ. ഇ. കെ. വിജയൻ, ,,

ശ്രീ. കെ. വി. വിജയദാസ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 19, 26 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ നടപടിച്ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2014 മാർച്ച് മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 മാർച്ച് 11.

# റിപ്പോർട്ട്

2014-15 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകൾ 2014 ഫെബ്രുവരി 19, 26 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി സസൂക്ഷ്മം പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിച്ച അധികവിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെയും സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

വോട്ടുചെയ്തത്—187,43,15,000 രൂപ

ചാർജ് ചെയ്തത്—2,00,000 രൂപ

2216-02-800-96—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ താഴ്ന്ന വരുമാനക്കാർക്കുള്ള ഫ്ളാറ്റ് നിർമ്മാണം

വിഹിതം—ഇല്ല

1. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2216-02-800-96 എന്ന ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 500 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-03-104-99(01)—സർക്കാർ ജീവനക്കാർക്ക് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി

വിഹിതം—ഇല്ല

2. സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം കുറയ്ക്കുന്ന പദ്ധതിക്കായി മേൽപ്പറഞ്ഞ ശീർഷകം പുനഃസ്ഥാപിച്ച് 50,989.21 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

477/2014.

2216-80-003-99—കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കട്ടപ്പന

വിഹിതം—ഇല്ല

3. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 560 ലക്ഷം രൂപ 2216-80-003-99 എന്ന ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

വിഹിതം—685 ലക്ഷം രൂപ (പ്ലാൻ)

4. നിർമ്മിതി ജീവനക്കാർക്ക് നിലവിൽ നിർമ്മിതി കേന്ദ്രം നൽകുന്ന തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. സർക്കാരിൽനിന്നും യാതൊരു വേതനവും ലഭിക്കുന്നില്ലെന്നും സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ലഭിക്കുന്ന സർവ്വീസ് ചാർജ് തുകയിൽനിന്നുമാണ് വേതനം നൽകുന്നതെന്നും അവർക്ക് പിരിഞ്ഞുപോകുമ്പോൾ മറ്റ് ആനുകൂല്യങ്ങൾ ഒന്നുംതന്നെ ലഭ്യമാകുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജീവനക്കാരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി എൽ.ഐ.സി.യുമായി ചേർന്ന് പെൻഷൻ സ്കീം ആരംഭിക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

(01)—സഹായധനം

വിഹിതം—68.10 ലക്ഷം രൂപ (നോൺ പ്ലാൻ)

5. ദുർബല വിഭാഗ പാർപ്പിടപദ്ധതി നടപ്പിലാക്കിയതുവഴിയുള്ള കമ്മി നികത്തുന്നതിനായി ഈ കണക്കിനത്തിൽ 131.90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വിഹിതം—18 ലക്ഷം രൂപ (നോൺ പ്ലാൻ)

6. സർക്കാർ സബ്സിഡി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതുമൂലവും ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ഇനത്തിൽ 7 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(07)—മൈത്രി പലിശ സബ്സിഡി

വിഹിതം—ഇല്ല

7. ഈ ഇനത്തിൽ തുക സർക്കാരിൽനിന്നും ലഭിക്കേണ്ടതുള്ളതിനാൽ പ്രസ്തുത കണക്കിനം [2216-80-103-99(07)] പുനഃസ്ഥാപിച്ച് 16485 ലക്ഷം രൂപ അതിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(35)—ലക്ഷംവീട് ബമ്പർലോട്ടറി—തനതുവരുമാനം

വിഹിതം—1,000 രൂപ

8. എം.എൻ. ലക്ഷം വീട് ലോട്ടറിയിൽനിന്നുള്ള വരുമാനം സർക്കാരിൽനിന്നും ബോർഡിനു ലഭിക്കേണ്ടതുള്ളതിനാൽ 616 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(37)—ഗൃഹശ്രീ—സബ്സിഡി

വിഹിതം—1419 ലക്ഷം രൂപ (പ്ലാൻ)

9. ഗൃഹശ്രീ പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 18581 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(38)—ട്രെയിനിംഗ് പദ്ധതി

വിഹിതം—40 ലക്ഷം രൂപ (പ്ലാൻ)

10. കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 ലക്ഷം രൂപ അധികമായി ഇതിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ആന്വിറ്റി ഡെപ്പോസിറ്റ്

വിഹിതം—ഇല്ല

11. ആന്വിറ്റി ഡെപ്പോസിറ്റ് തിരിച്ചു നൽകുന്നതിലേക്കായി 2212 ലക്ഷം രൂപ 2216-80-103-99 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-190-99—പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വീടുവയ്ക്കാൻ വായ്പ

വിഹിതം—ഇല്ല

12. പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ പലിശ സബ്സിഡി നൽകുന്നതിനുവേണ്ടി 52.65 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

(04)-16—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി—വൻകിട മരാമത്തുപണികൾ

വിഹിതം—ഇല്ല

13. സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതി പ്രകാരം നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും പുതിയവ ഏറ്റെടുക്കുന്നതിനും 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(05)—നിലവിലുള്ള സർക്കാർ കെട്ടിടങ്ങളിൽ വനിതകൾക്ക് മതിയായ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ

വിഹിതം—ഇല്ല

14. സർക്കാർ കെട്ടിടങ്ങളിൽ വനിതകൾക്ക് മതിയായ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതി പ്രകാരം പുതിയ പണികൾ ഏറ്റെടുക്കുന്നതിലേക്കായി ഈ ശീർഷകത്തിലെ (05) എന്ന കണക്കിനം പുനഃസ്ഥാപിച്ച് 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-80-190-97—കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ—നിക്ഷേപം

വിഹിതം—100 ലക്ഷം രൂപ (പ്ലാൻ)

15. ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷന് കമ്പനിയായി പ്രവർത്തിക്കുവാൻ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. അത് ലഭിക്കണമെങ്കിൽ കോർപ്പറേഷന്റെ Paid-up Share Capital ഏറ്റവും ചുരുങ്ങിയത് 10 കോടി രൂപയായിരിക്കണമെന്നും 10 കോടി രൂപ Paid-up Share Capital-ലായി കമ്പനി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തതിനുശേഷം മാത്രമേ ഹൗസിംഗ് ഫിനാൻസ് കമ്പനിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നാഷണൽ ഹൗസിംഗ് ബാങ്കിൽനിന്നും നേടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതിലേക്ക് 2013-14-ലെ ബഡ്ജറ്റ് പ്രകാരം 1 കോടി രൂപ കോർപ്പറേഷന്റെ മൂലധനനിക്ഷേപമായി വകയിരുത്തിയിട്ടുണ്ടെന്നും ശേഷിക്കുന്ന 800 ലക്ഷം രൂപ കൂടി ഇതിലേക്ക് ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷത്തെ വിഹിതത്തിനുപുറമെ 800 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-80-195-99—ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ

(05)—പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ—ഓഹരി മൂലധനം അംശദാനം

വിഹിതം—50 ലക്ഷം രൂപ (പ്ലാൻ)

16. പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് ആവശ്യമായ ഓഹരി മൂലധനത്തിനായി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

വിഹിതം—410 ലക്ഷം രൂപ (പ്ലാൻ)

17. സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനുള്ള ഓഹരി മൂലധനമായി 50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6216-80-190-98—സാഫല്യം ഭവന പദ്ധതി (പാർപ്പിടാവകാശ പദ്ധതി—ഭവനരഹിതരായ ആളുകൾക്കുള്ള ഭവന പദ്ധതി)

വിഹിതം—1000 ലക്ഷം രൂപ (പ്ലാൻ)

18. ഭവനരഹിതരായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം—1040 ലക്ഷം രൂപ (പ്ലാൻ)

300 ലക്ഷം രൂപ (നോൺ പ്ലാൻ)

19. ഈ ശീർഷകത്തിൽ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി കോർപ്പറേഷൻ സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ പ്ലാൻ ഇനത്തിൽ 105.4 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 1832.13 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് "വായ്പാ" ശീർഷകത്തിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തുന്നതും സർക്കാരിൽനിന്നും തുക റിലീസ് ചെയ്യുന്നതും. ഇപ്രകാരം വായ്പാ ഹെഡിൽ തുക വകയിരുത്തുന്നതുമൂലം കോർപ്പറേഷൻ, വായ്പാത്തുക മുതലും പലിശയുമായി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് ഫണ്ട് റിലീസ് ചെയ്യുന്ന ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

21. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. പ്രസ്തുത വായ്പാത്തുക ഉപയോഗിച്ച് ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോലീസ് വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഇപ്രകാരം പോലീസ് വകുപ്പിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുന്നതിന് കോർപ്പറേഷൻ മുതലും പലിശയും ഗഡുക്കൾ ആയി തിരികെ ഒടുക്കണമെന്നുള്ള സർക്കാർ ഉത്തരവ് കോർപ്പറേഷന്റെ നിലനിൽപ്പിനെ തന്നെ

ബാധിക്കുന്നതാണെന്ന് സമിതി വീക്ഷിക്കുന്നു. ഇതു കൂടാതെ കോർപ്പറേഷന്റെ ദൈനംദിന ചെലവും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷൻ സ്വരൂപിക്കുന്ന സൂപ്പർവിഷൻ ചാർജ് എന്ന ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ കോർപ്പറേഷന് നിലവിൽ "ലോൺ" ശീർഷകത്തിൽ വകയിരുത്തി നൽകുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിച്ച് ലഭിക്കുന്നതിലേക്ക് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

6216-80-201-99—കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

(06)—വർക്കിംഗ് ക്യാപ്പിറ്റൽ

വിഹിതം—ഇല്ല

22. ബോർഡിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി പ്രവർത്തനമൂലധനമായി 5000 ലക്ഷം രൂപ 6216-80-201-99(06) എന്ന ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്ത അഭ്യർത്ഥനകൾ

**ഒ.റ്റി.എസ്. ആനുകൂല്യം (നോൺ പ്ലാൻ)**

23. ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഒ.റ്റി.എസ്. ആനുകൂല്യം നൽകിയ വകയിൽ സർക്കാരിൽനിന്നും ലഭിക്കേണ്ടതായ 15614.83 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കൽപ്പറ്റ ഭവന പദ്ധതി (നോൺ പ്ലാൻ)**

24. ഈ പദ്ധതി പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില സർക്കാരിൽനിന്നും ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 187.77 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ലോൺ എഴുതിത്തള്ളിയതിൽ ബാക്കി ലഭിക്കാനുള്ളത് (നോൺ പ്ലാൻ)**

25. വിവിധ ലോണുകൾ എഴുതിത്തള്ളിയ വകയിൽ സർക്കാരിൽനിന്നും ലഭിക്കാനുള്ള 7124 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**എം.എൻ. ലക്ഷം വീട് ഭവന പദ്ധതി (നോൺ പ്ലാൻ)**

26. എം.എൻ. ലക്ഷം വീട് ഭവന പദ്ധതി പ്രകാരം സർക്കാരിൽനിന്നും ലഭിക്കാനുള്ള 500 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവരുടെയും മാരക രോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും തികച്ചും നിരാലംബരുടെയും ഭവന വായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി.**

27. ഭവന വായ്പയെടുത്തിട്ട് മരണമോ മാരകരോഗങ്ങളോ ബാധിച്ചവരുടെ ഭവനം (കിടപ്പാടം) നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സാന്ത്വനം വാടക വീട് പദ്ധതി (പ്ലാൻ)**

4216 (പുതിയ ശീർഷകം)

28. 2013 വർഷത്തെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ചേർത്തിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 700 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**മൾട്ടിലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന്—**
**റവന്യൂ ടവർ എറണാകുളം (നോൺ പ്ലാൻ)**

6216 (പുതിയ ശീർഷകം)

29. എറണാകുളത്ത് മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 1500 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം**

30. വായ്പാത്തുക അടച്ചു തീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത ഗുണഭോക്താക്കളുടെ പ്രമാണം തിരികെ നൽകുന്നതിനായി 750 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സൗഭാഗ്യ ഭവന പദ്ധതി—EWS/LIG വിഭാഗക്കാർക്ക് ഭവനം നിർമ്മിക്കുന്നത്—വായ്പ നൽകുന്നതിനുള്ള പലിശ സബ്സിഡി (പ്ലാൻ)**

31. 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5000 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

വോട്ടുചെയ്തത്—1315,18,26,000 രൂപ

ചാർജ് ചെയ്തത്—ഇല്ല

2217-03-051-98—കോടിമത മൊബിലിറ്റി ഹബ്ബ് പ്രോജക്ട്, കോട്ടയം

വിഹിതം—1,000 രൂപ (പ്ലാൻ)

32. കോട്ടയത്തെ പൊതുഗതാഗത സംവിധാന നിലവാരം ഉയർത്തുന്നതിനായി റെയിൽ-റോഡ്-ജലം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് കോടിമതയിൽ ആരംഭിക്കാനിരിക്കുന്ന വൻ പദ്ധതിയായ കോടിമത മൊബിലിറ്റി ഹബ്ബ് പ്രോജക്ടിന്റെ പ്രായോഗിക പഠനം, സർവ്വെ എന്നിവയ്ക്കും മറ്റുകാര്യങ്ങൾക്കുമായി 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-05-001-65—ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

വിഹിതം—1858.25 ലക്ഷം രൂപ (നോൺ പ്ലാൻ)

33. ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി നോൺ പ്ലാനിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 04-4-അവധി യാത്രാനുകൂല്യം—2 ലക്ഷം രൂപ, 06-വാടക, കരം, നികുതി—15 ലക്ഷം രൂപ, 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്—3.50 ലക്ഷം രൂപ, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും—2 ലക്ഷം രൂപ, 45-പി.ഒ.എൽ.—2 ലക്ഷം രൂപ എന്നിങ്ങനെ ഓരോ ശീർഷകത്തിലും ചേർത്ത് ആകെ 24.50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

34. കാസർഗോഡ്, ആലപ്പുഴ, തൃശ്ശൂർ എന്നീ ഓഫീസുകൾ പുതിയ സർക്കാർ കെട്ടിടങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 15 ലക്ഷം രൂപ അധികമായി ആവശ്യമാണ്. കൂടാതെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, കോട്ടയം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലാ ആഫീസുകളിലെ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്തതിനാലും 11-10-2013-ലെ G.O.(P) No. 515/2013/Fin. ഉത്തരവുപ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഉള്ളതിനാലും മേൽ ഓഫീസുകൾക്ക് വാടകയ്ക്ക് കാർ ഉപയോഗിക്കേണ്ടി വരുന്നതനുസരിച്ച് ആയതിലേക്ക് 21.60 ലക്ഷം രൂപയും ആവശ്യമുണ്ട്.

35. ആയതിനാൽ മേൽ ആവശ്യങ്ങൾക്കായി ആകെ 36.60 ലക്ഷം രൂപ (15 ലക്ഷം + 21.60 ലക്ഷം രൂപ) ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

വിഹിതം—337.29 ലക്ഷം രൂപ (നോൺ പ്ലാൻ)

36. ഈ ശീർഷകത്തിൻകീഴിലുള്ള 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 04-4—അവധി യാത്രാനുകൂല്യം, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, 45-പി.ഒ.എൽ. എന്നിവയിൽ അനുവദിച്ച ബജറ്റ് വിഹിതവും കൂടാതെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് സർക്കാർ അനുവദിച്ച സ്വരാജ് ഭവൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പാർട്ടീഷൻ വർക്കുകൾ, കേബ്ലിംഗ് മുതലായ ചെലവുകൾക്കുമായി 05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ എന്നതിൽ അനുവദിച്ച ബജറ്റ് വിഹിതവും പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിലായി യഥാക്രമം 1 ലക്ഷം രൂപ, 2 ലക്ഷം രൂപ, 75,000 രൂപ, 50,000 രൂപ, 47.25 ലക്ഷം രൂപ എന്നിങ്ങനെ ആകെ 51.50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-001-98—റീജിയണൽ ആഫീസുകൾ

05-3—ടെലിഫോൺ ചെലവ്

വിഹിതം—74,000 രൂപ (നോൺ പ്ലാൻ)

37. റീജിയണൽ ഓഫീസുകളുടെ ടെലിഫോൺ ചാർജ് ഇനത്തിൽ 2013-14 വർഷത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ച 70,000 രൂപയ്ക്കുപുറമെ 45,000 രൂപയുടെ ചെലവുകൂടി വന്നിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനുപുറമേ 41,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-001-99—നഗരകാര്യ ഡയറക്ടറാഫീസ്

04-1—യാത്രാബത്ത

വിഹിതം—2.50 ലക്ഷം രൂപ (നോൺ പ്ലാൻ)

38. യാത്രാബത്തയിനത്തിൽ 2013-14 സാമ്പത്തിക വർഷം അനുവദിച്ച 2.75 ലക്ഷം രൂപയുടെ ചെലവ് 2014-15 സാമ്പത്തിക വർഷവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വിഹിതം—ഇല്ല

39. നഗരകാര്യ ഡയറക്ടർ ഉപയോഗിച്ചുവന്നിരുന്ന വാഹനം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാതായതിനെത്തുടർന്ന് വാടകയ്ക്കെടുത്ത വാഹനമാണ് ഉപയോഗിച്ചുവരുന്നത്. ഡയറക്ടർക്ക് പുതിയ വാഹനം വാങ്ങുന്നതിലേക്ക് 12 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതിയുടെ 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയുടെ പരിശോധനാ റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും 2014-15 സാമ്പത്തികവർഷത്തെ ബജറ്റിലും ഇതിനായി തുക വകയിരുത്തി കാണുന്നില്ല. ആയതിനാൽ നഗരകാര്യ ഡയറക്ടർക്ക് പുതിയ വാഹനം വാങ്ങുന്നതിനായി നടപ്പുവർഷം 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4217-03-051-99—പാലാ മുനിസിപ്പൽ ടൗൺഹാളിന്റെ നവീകരണം

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

40. പാല മുനിസിപ്പൽ ടൗൺഹാളിന്റെ നവീകരണത്തിന് 2 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്കായി 2 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

വോട്ടു ചെയ്തത്—522,46,95,000 രൂപ

ചാർജ് ചെയ്തത്—ഇല്ല

2515-00-001-97—ജില്ലാഭരണം

വിഹിതം—3743.46 ലക്ഷം രൂപ

41. ഈ ശീർഷകത്തിൽ വേതനം, യാത്രാബത്ത, വൈദ്യുതി ചെലവ്, മോട്ടോർ വാഹനങ്ങൾ, പി. ഒ. എൽ. എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 02—വേതനം ഇനത്തിൽ 3.50 ലക്ഷം രൂപയും 04-1—യാത്രാബത്ത ഇനത്തിൽ 30 ലക്ഷം രൂപയും 05-2—വൈദ്യുത ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 1.43 ലക്ഷം രൂപയും 45—പി.ഒ.എൽ. ഇനത്തിൽ 3.50 ലക്ഷം രൂപയും ചേർത്ത് ആകെ 40.43 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-001-99—മേൽനോട്ടം

വിഹിതം—506 ലക്ഷം രൂപ (നോൺ പ്ലാൻ)

42. 2014-15 സാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൻകീഴിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

| | |
|---|---|
| 01-5—മറ്റ് അലവൻസുകൾ | .. 4 ലക്ഷം രൂപ |
| 02—വേതനം | .. 1.50 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | .. 60,000 രൂപ |
| 06—വാടക, കരം, നികുതി | .. 30,000 രൂപ |
| 07—പ്രസിദ്ധീകരണങ്ങൾ | .. 5 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും | .. 1 ലക്ഷം രൂപ |
| 45—പി. ഒ. എൽ. | .. 1.50 ലക്ഷം രൂപ |
| ആകെ | .. 13.90 ലക്ഷം രൂപ |

2515-00-101-63—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം—13,000 രൂപ (നോൺ പ്ലാൻ)

43. ട്രിബ്യൂണലിലെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 25,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

99—വിവരസാങ്കേതിക വിദ്യ

വിഹിതം—1,000 രൂപ

44. പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 4 ലക്ഷം രൂപ അധികമായി ഈ കണക്കിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-101-64—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ

02—വേതനം

വിഹിതം—3.16 ലക്ഷം രൂപ (നോൺ പ്ലാൻ)

45. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും പാർട്ട് ടൈം സ്വീപ്പർമാർക്കും ശമ്പളം നൽകുന്നതിന് വേതനയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-196-39—ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ. ഐ. ഡി. എഫ്. പദ്ധതികൾ

വിഹിതം—518 ലക്ഷം രൂപ (പ്ലാൻ)

46. ഇടുക്കി പാക്കേജിന്റേയും പ്രധാനമന്ത്രിയുടെ പുനരധിവാസപദ്ധതിയുടെയും പ്രവൃത്തികൾ പുരോഗതിയിലാണെന്നും ഇതിനായി അധിക തുക ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 482 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-94—റെയിൽവേ ലെവൽ ക്രോസിംഗുകളുടെ സംരക്ഷണം—സഹായധനം

വിഹിതം—3.19 ലക്ഷം രൂപ (നോൺ പ്ലാൻ)

47. ഗ്രാമീണ മേഖലയിൽ റയിൽവേ ലെവൽ ക്രോസിംഗുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് ചെലവിടുന്ന തുകയുടെ പകുതി ഗ്രാന്റായി നൽകുന്നതിലേക്ക് 2014-15 വർഷം ബഡ്ജറ്റ് വിഹിതമായി നൽകിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. പ്രസ്തുത ഇനത്തിൽ 1,80,16,899 രൂപ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ റെയിൽവേയ്ക്ക് കുടിശ്ശിക നൽകാനുള്ളതിനാൽ ഈ ഇനത്തിൽ 180.16899 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

വോട്ടു ചെയ്തത്—462,55,52,000 രൂപ

ചാർജ് ചെയ്തത്—1,000 രൂപ

2515-00-197-36—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഓഫീസ് കെട്ടിടം

(01)—കെട്ടിട നിർമ്മാണം

വിഹിതം—500 ലക്ഷം രൂപ (പ്ലാൻ)

48. പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകളായ കാസർഗോഡ് ജില്ലയിലെ കാറഡുക്ക, പരപ്പ, കണ്ണൂർ ജില്ലയിലെ പാനൂർ, കല്യാശ്ശേരി, വയനാട് ജില്ലയിലെ പനമരം, മലപ്പുറം ജില്ലയിലെ കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

49. ഒരു ബ്ലോക്ക് പഞ്ചായത്തിന് 2 കോടി രൂപവച്ച് 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആകെ 12 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിലേക്ക് 2013-14 വർഷം വകയിരുത്തിയിട്ടുള്ള 2 കോടി രൂപ കഴിച്ച് ബാക്കി 10 കോടി രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപകൂടി അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം

(04)—സജ്ജീകരിക്കൽ

വിഹിതം—100 ലക്ഷം രൂപ (പ്ലാൻ)

50. സ്വരാജ് ഭവനിൽ മാറ്റിസ്ഥാപിക്കുന്ന ഓഫീസുകൾ സജ്ജീകരിക്കൽ, അനുബന്ധ വൈദ്യുതീകരണം, സിവിൽ ജോലികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 118.17 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 മാർച്ച് 11.